C 2525

Name..................................

Reg. No..................................

# FOURTH SEMESTER P.G. DEGREE EXAMINATION, APRIL 2021

(CCSS)

M.A. Malayalam

MAL 4E 16—**ഫോക്‌ലോർ** (FOLKLORE)

(2019 Admissions)

Time : Three Hours

Maximum : 80 Marks

I. ഓരോന്നിനും അരപ്പുറത്തിൽ കവിയാതെ ഏതെങ്കിലും **നാല്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

1 കേരളത്തിലെ നാടോടി വാദ്യങ്ങളെക്കുറിച്ച് വിവരിക്കുക.

2 പഴഞ്ചൊല്ലുകളുടെ സാമൂഹിക ധർമ്മങ്ങൾ വ്യക്തമാക്കുക.

3 ഐതിഹ്യങ്ങളുടെ പ്രധാന സവിശേഷതകൾ എന്തൊക്കെയാണ് ?

4 നെൽ കൃഷിയുമായി ബന്ധപ്പെട്ട നാട്ടറിവുകളെക്കുറിച്ച് കുറിപ്പെഴുതുക.

5 മാപ്പിളപ്പാട്ടിലെ ഭാഷാരീതിയുടെ പ്രത്യേകതകൾ എന്തൊക്കെയാണ് ?

6 ഫോക്‌ലോർ എന്ന വാക്കിന്റെ അർത്ഥതലങ്ങൾ എന്തൊക്കെയാണ് ?

7 വാമൊഴി പാരമ്പര്യത്തെ മാത്രം ആസ്പദമാക്കി ഫോക്‌ലോർ പഠനത്തെ നിർവചിക്കാനാവില്ല. കാരണമെന്ത് ?

(4 × 2 = 8 marks)

II. ഓരോന്നിനും നാലു പുറത്തിൽ കവിയാതെ ഏതെങ്കിലും **നാല്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

8 പടയണി എന്ന കലാരൂപത്തെക്കുറിച്ച് ഒരു വിവരണം എഴുതുക.

9 ഫോക്‌ലോറും മനഃശാസ്ത്രവും തമ്മിലുള്ള ബന്ധം വിശദമാക്കുക.

10 ജന്തുകഥകൾ, ഫലിതകഥകൾ എന്നിവയുടെ സ്വഭാവ സവിശേഷതകൾ വിശദമാക്കുക.

11 കേരളത്തിലെ നാടോടി സംഗീത ശാഖയെ പരിചയപ്പെടുത്തുക.

12 കേരളത്തിലെ മാന്ത്രിക പാരമ്പര്യത്തെക്കുറിച്ച് വിവരിക്കുക.

13 കാക്കാരിശി നാടകം, പുറാട്ടു നാടകം എന്നിവയെക്കുറിച്ച് വിശദീകരിക്കുക.

(4 × 10 = 40 marks)

III. ഓരോന്നിനും ആറു പുറത്തിൽ കവിയാതെ **രണ്ട്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

14 ഫോക്‌ലോർ പഠനത്തിൽ ഫീൽഡ് വർക്കിന്റെ സ്ഥാനവും പ്രാധാന്യവും വ്യക്തമാക്കുക.

15 കേരളീയ വാസ്തുവിദ്യയുടെ സവിശേഷതകൾ വിശദമാക്കുക.

16 ഫോക്‌ലോർ ഡോക്യുമെന്റേഷന് ഉപയോഗിക്കുന്ന വിവിധ സങ്കേതങ്ങളെയും സമ്പ്രദായങ്ങളെയും വിശദീകരിക്കുക.

17 നാടൻ കലകളുടെ സവിശേഷതകൾ പരിചയപ്പെടുത്തി അവയുടെ വിവിധ സംവർഗ്ഗങ്ങളെക്കുറിച്ച് വിവരിക്കുക.

(2 × 16 = 32 marks)

CHMK LIBRARY UNIVERSITY OF CALICUT

**C 2524** Reg. No...................................

# FOURTH SEMESTER P.G. DEGREE EXAMINATION, APRIL 2021

(CCSS)

M.A. Malayalam

## MAL 4E 15—**ലോക സാഹിത്യം** (WORLD LITERATURE)

(2019 Admissions)

Time : Three Hours Maximum : 80 Marks

I. താഴെത്തരുന്നവയിൽ നിന്ന് **നാലെണ്ണം** തിരഞ്ഞെടുത്ത് അരപ്പുറത്തിൽക്കവിയാതെ ഉത്തരമെഴുതുക.

1 ഗിൽഗമേഷിലെ പ്രതിപാദ്യമെന്ത് ?

2 തരിശു ഭൂമിയുടെ പ്രമേയം സാർവലൌകികമാണെന്നു പറയാൻ കാരണമെന്ത് ?

3 കാന്താരസ്ഥലി പോലും കവിക്ക് സ്വർല്ലോകമായിത്തോന്നുന്നത് എപ്പോഴാണ് ?

4 ബോർഹസിന്റെ കഥകളുടെ മുഖമുദ്രയായി കരുതുന്ന ഘടകമേത് ?

5 സ്നോബോൾ എന്ന കഥാപാത്രത്തെ പരിചയപ്പെടുത്തുക.

6 ഡയസ്പോറ എന്നാലെന്ത് ?

7 പാലസ്തീനിയൻ സാഹിത്യത്തിന്റെ മുഖ്യ സവിശേഷതയെന്ത് ?

(4 × 2 = 8 marks)

II. താഴെത്തരുന്നവയിൽ നിന്ന് **നാലെണ്ണം** തിരഞ്ഞെടുത്ത് നാലു പുറത്തിൽക്കവിയാതെ ഉത്തരമെഴുതുക.

8 ആയിരത്തൊന്നു രാത്രികളുടെ ആഖ്യാനപരമായ സവിശേഷതകളെന്തെല്ലാം ?

9 ഒഥല്ലോ നാടകത്തിന്റെ വംശീയ പശ്ചാത്തലം വിശകലനം ചെയ്യുക.

10 മാനവികതയും കാരുണ്യവുമാണ് പാവങ്ങളുടെ ആന്തരികത. വിശദീകരിക്കുക.

11 ഗ്രിഗർ സാംസയുടെ പരിണാമം ജീവിതത്തിന്റെ യുക്തിരാഹിത്യത്തെ സൂചിപ്പിക്കുന്നുവെന്നു പറയാൻ കാരണമെന്ത് ? വിശദമാക്കുക.

12 സ്ത്രീകളുടെ അവകാശങ്ങളെപ്പറ്റി ഇസഡോറ ഡങ്കന്റെ നിരീക്ഷണങ്ങൾ സംഗ്രഹിക്കുക.

13 ക്രോധത്തിന്റെ മുന്തിരിപ്പഴങ്ങൾ എന്ന രചനയിലെ ക്രൈസ്തവബിംബങ്ങൾ പരിചയപ്പെടുത്തുക.

(4 × 10 = 40 marks)

III. താഴെത്തരുന്നവയിൽ നിന്ന് **രണ്ടെണ്ണം** തിരഞ്ഞെടുത്ത് ആറു പുറത്തിൽക്കവിയാതെ ഉത്തരമെഴുതുക.

14 ലോക കവിതകൾ ദേശഭാവനയുടെ വിവൃതി കൂടിയാണ്. നിരൂപിക്കുക.

15 ഇരുപതാം നൂറ്റാണ്ടിലെ ലോക ചെറുകഥാകൃത്തുകൾ മനുഷ്യനെ മുൻനിർത്തുന്നതിന്റെ യുക്തിയും രാഷ്ട്രീയവും ചർച്ച ചെയ്യുക.

16 ലാറ്റിനമേരിക്കൻ സാഹിത്യത്തിലെ പ്രതിരോധത്തിന്റെ പശ്ചാത്തലം പാഠഭാഗങ്ങളെ ആസ്പദമാക്കി വിവരിക്കുക.

17 പ്രവാസസാഹിത്യം മനുഷ്യാതി ജീവനചരിത്രം കൂടിയാണ്. അ[illegible]ുക.

(2 × 16 = 32

CHMK LIBRARY UNIVERSITY OF CALICUT

**C 2523** (Pages : 2) Name.....................................

Reg. No.................................

# FOURTH SEMESTER P.G. DEGREE EXAMINATION, APRIL 2021

(CCSS)

M.A. Malayalam

## MAL 4E 14—കേരളീയ ചിന്ത (KERALA THOUGHT)

(2019 Admissions)

Time : Three Hours Maximum : 80 Marks

I. ഓരോന്നിനും അരപ്പുറത്തിൽ കവിയാതെ ഏതെങ്കിലും **നാല്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

1 ഹോർത്തൂസ് മലബാറിക്കസിനെക്കുറിച്ച് ഒരു കുറിപ്പെഴുതുക.

2 മനുഷ്യാലയ ചന്ദ്രികയ്ക്ക് വാസ്തു ശാസ്ത്രത്തിലുള്ള സ്ഥാനമെന്ത് ?

3 കേരളീയ ഗണിതശാസ്ത്ര പാരമ്പര്യത്തിന്റെ സാമാന്യസ്വഭാവം വ്യക്തമാക്കുക.

4 പൂന്താനത്തിന്റെ സാഹിത്യ സംഭാവനകൾ പരിചയപ്പെടുത്തുക.

5 ശങ്കരാചാര്യരുടെ ജൈത്രയാത്രയ്ക്ക് കേരളീയ സാമൂഹിക മണ്ഡലത്തിലുള്ള സ്ഥാനമെന്ത് ?

6 'കാണുന്നീലൊരക്ഷരവും' എന്ന കൃതി ചരിത്രനേട്ടങ്ങളോടുള്ള വിയോജിപ്പുകളെ എപ്രകാരമാണ് രേഖപ്പെടുത്തുന്നത് ?

7 ആധുനികത എന്ന പദം സാഹിതീയ വ്യവഹാരങ്ങളിഗ നല്കുന്ന അർത്ഥതലങ്ങൾ എന്തൊക്കെയാണ് ?

(4 × 2 = 8 marks)

II. ഓരോന്നിനും നാലു പുറത്തിൽ കവിയാതെ ഏതെങ്കിലും **നാല്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

8 ഭാഷ, സാഹിത്യം, ദാർശനികത എന്നിവയെ മുൻനിർത്തി ആത്മോപദേശ ശതകത്തെക്കുറിച്ച് ഉപന്യസിക്കുക.

9 കൃഷി ഗീതയും ഭക്ഷ്യസുരക്ഷയും എന്ന ലേഖനത്തിലെ ആശയങ്ങളുടെ പ്രസക്തി പരിശോധിക്കുക.

10 പാരമ്പര്യ ചികിത്സാ ശാസ്ത്രത്തിൽ കേരളം കൈവരിച്ച മികവുകളെക്കുറിച്ച് വിലയിരുത്തുക.

11 ചട്ടമ്പി സ്വാമികൾ കേരളീയ സാമൂഹിക മണ്ഡലത്തിൽ നല്കിയ സംഭാവനകൾ എന്തൊക്കെയാണ് ?

12 വാഗ്ഭടാനന്ദൻ, ആനന്ദ തീർത്ഥൻ എന്നിവർ കേരളത്തിന്റെ സാമൂഹിക ദാർശനിക മണ്ഡലങ്ങളെ നവീകരിച്ചതെങ്ങനെ ?

13 കപ്പപ്പാട്ട് എന്ന ഗാനത്തിന് ഒരു ആസ്വാദനം എഴുതുക.

(4 × 10 = 40 marks)

CHMK LIBRARY UNIVERSITY OF CALICUT

III. ഓരോന്നിനും ആറു പുറത്തിൽ കവിയാതെ **രണ്ട്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

14 ആത്മകഥകളും ചരിത്രവുമായുള്ള ബന്ധം ഉദയകുമാറിന്റെ ലേഖനത്തെ ആസ്പദമാക്കി സമർത്ഥിക്കുക.

15 നോവലും ദേശവും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് ഇ.വി. രാമകൃഷ്ണന്റെ നിരീക്ഷണങ്ങളെ വിമർശനാത്മകമായി പരിശോധിക്കുക.

16 എം. ഗോവിന്ദൻ കേരളീയ ധൈഷണിക മണ്ഡലത്തിന് നല്കിയ സംഭാവനകൾ വിലയിരുത്തുക.

17 കോളനിവത്ക്കരണം കേരളീയാധുനികതയെ സ്വാധീനിച്ചതെങ്ങനെ ?

(2 × 16 = 32 marks)

CHMK LIBRARY UNIVERSITY OF CALICUT

C 2522 (Pages : 2) Name.......................................

Reg. No...................................

# FOURTH SEMESTER P.G. DEGREE EXAMINATION, APRIL 2021

(CCSS)

M.A. Malayalam

MAL 4E 13—ആധുനിക വിമർശന സിദ്ധാന്തങ്ങൾ (MODERN CRITICAL THEORIES)

(2019 Admissions)

Time : Three Hours Maximum : 80 Marks

I. ഏതെങ്കിലും **നാലു** ചോദ്യത്തിന് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

കുറിപ്പെഴുതുക.

1 ഘടനാവാദം.

2 അധീശത്വം (Hegemony).

3 വ്യവഹാരം.

4 ഫ്രാൻസ് ഫാനൻ.

5 ആദിരൂപങ്ങൾ.

6 അടിത്തറ–മേൽപ്പുര സിദ്ധാന്തം.

7 അപനിർമ്മാണം.

(4 × 2 = 8 marks)

II. ഏതെങ്കിലും **നാലു** ചോദ്യത്തിന് നാലു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

8 ഉത്തരാധുനികതാവാദത്തിന്റെ പ്രധാന ആശയ മേഖലകളെക്കുറിച്ച് വിവരിക്കുക.

9 സ്വപ്നത്തെയും കലയെയും ബന്ധപ്പെടുത്തി ഫ്രോയിഡ് പറയുന്ന കാര്യങ്ങൾ എന്തെല്ലാമാണ് ?

10 മഞ്ഞ് എന്ന നോവലിന്റെ ആകർഷണീയതയ്ക്ക് കാരണമായി കെ.പി. ശങ്കരൻ കാണുന്നതെന്തെല്ലാം ? ഇതേക്കുറിച്ച് വി.സി. ശ്രീജൻ നടത്തുന്ന നിരീക്ഷണങ്ങൾ എഴുതുക.

11 സാഹിത്യ വിമർശനത്തിനു ടെറി ഈഗിൾട്ടൺ നൽകിയ സംഭാവന വിശദീകരിക്കുക.

12 റോമൻ യാക്കോബ്സൺ ഭാഷാപഠന വിഷയത്തിൽ സസ്യൂറുമായി വിയോജിക്കുന്ന പ്രധാന മേഖലകൾ ഏതെല്ലാം ? വിവരിക്കുക.

13 പാഠാന്തരത എന്ന ആശയത്തിനു സാഹിത്യ വിമർശനത്തിലുള്ള പ്രസക്തി വ്യക്തമാക്കുക.

(4 × 10 = 40 marks)

CHMK LIBRARY UNIVERSITY OF CALICUT

III ആറു പുറത്തിൽ കവിയാതെ ഏതെങ്കിലും **രണ്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.

14 നവീന സാഹിത്യ സിദ്ധാന്തങ്ങൾ മലയാള നിരൂപണത്തെ ഏതെല്ലാം നിലയിൽ സ്വാധീനിച്ചിട്ടുണ്ട് ? പാഠ്യഭാഗത്തെ രചനകളെക്കൂടി ആധാരമാക്കി വിശകലനം ചെയ്യുക.

15 സാഹിത്യനിരൂപണത്തിന് ഫ്രാങ്ക്ഫർട്ട് സ്കൂൾ നൽകിയ സംഭാവന വിലയിരുത്തുക.

16 മനഃശാസ്ത്ര പഠനത്തിൽ ഴാക് ലക്കാൻ തെളിച്ച പുതിയ മാർഗ്ഗം എന്തായിരുന്നു ? വിവരിക്കുക.

17 കോളനിയനന്തര സാഹിത്യപഠന സമീപനത്തിന്റെ ഉള്ളടക്കം, സ്വഭാവം എന്നിവയെക്കുറിച്ച് ഉപന്യസിക്കുക.

(2 × 16 = 32 marks)

CHMK LIBRARY UNIVERSITY OF CALICUT

**C 2521**

Name.......................................

Reg. No...................................

# FOURTH SEMESTER P.G. DEGREE EXAMINATION, APRIL 2021

(CCSS)

M.A. Malayalam

## MAL 4E 12—മലയാള രചനയും ഗവേഷണ രീതിശാസ്ത്രവും

(MALAYALAM WRITING AND RESEARCH METHODOLOGY)

(2019 Admissions)

Time : Three Hours | Maximum : 80 Marks

I. ഏതെങ്കിലും **നാലു** ചോദ്യത്തിന് കുറിപ്പെഴുതുക.

1 മാനകഭാഷ.

2 ഫീച്ചറെഴുത്ത്.

3 ലിപി, ഉപലിപി.

4 അനുപ്രയോഗം.

5 പരാമർശം.

6 പരാവർത്തനം.

7 രചനാശൈലി.

(4 × 2 = 8 marks)

II. ഏതെങ്കിലും **നാലു** ചോദ്യത്തിന് നാലു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

8 മലയാളത്തിലെ പ്രധാന ഭാഷാഭേദങ്ങളെക്കുറിച്ച് ഉപന്യസിക്കുക.

9 സമാസം, സന്ധി എന്നീ വ്യാകരണ കാര്യങ്ങൾക്ക് മലയാള രചനയിലുള്ള പ്രാധാന്യം വ്യക്തമാക്കുക.

10 ആഖ്യാന സവിശേഷത എന്നാലെന്ത് ? ഏതെങ്കിലും നോവലിനെ ആസ്പദമാക്കി വിശദീകരിക്കുക.

11 പ്രൂഫ് റീഡിങ്ങിന്റെ അടിസ്ഥാനതത്ത്വങ്ങളെന്തൊക്കെ ?

12 ഗ്രന്ഥസൂചി തയ്യാറാക്കുമ്പോൾ ശ്രദ്ധിക്കേണ്ടതെന്തെല്ലാം ?

13 ഗവേഷണവും വിമർശനവും വ്യതിരിക്തമാകുന്നതെങ്ങനെ ?

(4 × 10 = 40 marks)

III. ഏതെങ്കിലും **രണ്ട്** ചോദ്യത്തിന് ആറു പുറത്തിൽ കവിയാതെ ഉത്തരം എഴുതുക.

14 ഗവേഷണ പ്രബന്ധത്തിന്റെ ഘടന വിവരിക്കുക.

15 വാക്യഘടനയ്ക്കും ശൈലിയ്ക്കും രചനാവേളയിൽ എത്രത്തോളം പ്രാധാന്യമുണ്ടെന്ന് വിലയിരുത്തുക.

16 നവമാധ്യമങ്ങളിലെ സാഹിത്യത്തെ വിമർശനബുദ്ധ്യാ നിരീക്ഷിക്കുക.

17 പ്രബന്ധരചനയുടെ അടിസ്ഥാനതത്ത്വങ്ങളെക്കുറിച്ച് ഉപന്യസിക്കുക.

(2 × 16 = 32 marks)

CHMK LIBRARY UNIVERSITY OF CALICUT

C 2520 (Pages : 2) Name.....................................

Reg. No.....................................

# FOURTH SEMESTER P.G. DEGREE EXAMINATION, APRIL 2021

(CCSS)

M.A. Malayalam

## MAL 4E 11—സമകാല മലയാള കവിത

(CONTEMPORARY MALAYALAM POETRY)

(2019 Admissions)

Time : Three Hours Maximum : 80 Marks

I. ഏതെങ്കിലും **നാലു** ചോദ്യത്തിന് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

താഴെ കൊടുത്തിട്ടുള്ള കാവ്യഭാഗങ്ങൾ വായിച്ച് കവി, കാവ്യം, സന്ദർഭം, സാരാംശം എന്നിവ എഴുതുക.

1 "കാണുന്നുണ്ട്
അവരുടെ കണ്ണുകളിൽ ;
അനേകമക്ഷരങ്ങൾ"

2 "വൈകിയെത്തിയവൾ
പുല്ലാങ്കുഴലിന്റെ പാട്ടു കേട്ടില്ല"

3 "ചാരായ രാഗത്തിന്റെ
നെൽത്തറ മേളത്തിന്
ചാകുന്ന നേരത്തും ഹാ
നിങ്ങൾ തൻ തൃശൂർ പൂരം"

4 "തീയാളിയ ആ കണ്ണ്
അവന്റെ സ്വപ്നത്തിൽ എന്നും
കത്തുന്ന പുരപോലെ പിളർന്നെരിഞ്ഞു"

5 "നിരോധിച്ച ഒരിടത്ത്
ഒറ്റയ്ക്ക് നിൽക്കുന്ന
മനുഷ്യനാണ് കവിത"

6 "വയ്യെനിയ്ക്കണയ്ക്കുവാൻ
പ്രാണന്റെ വിളക്കുകൾ"

7 "ഈ മനുഷ്യലോകം ആർക്ക് വേണം
ഈ മനുഷ്യഭാഷ ആർക്ക് വേണം"

(4 × 2 = 8 marks)

Turn over

CHMK LIBRARY UNIVERSITY OF CALICUT

II. ഏതെങ്കിലും **നാലു** ചോദ്യത്തിന് നാലു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

8 അമ്മയെ കുളിപ്പിക്കുമ്പോൾ എന്ന കവിതയിൽ വാർദ്ധക്യത്തെ ശൈശവാവസ്ഥയുമായി ബന്ധിപ്പിക്കുന്നതിലെ സാംഗത്യം വിശദീകരിക്കുക.

9 അന്ധകാണ്ഡം എന്ന കവിതയുടെ ആഖ്യാനസ്വരം വിവരിക്കുക.

10 ചിറകുകളുള്ള ബസ്സ് എന്ന കവിതയുടെ ഭാവുകത്വപരമായ സവിശേഷത വിശകലനം ചെയ്യുക.

11 കീഴാളൻ എന്ന കവിതയുടെ ആശയതലമെന്ത് ? കവിതയിലൂടെ കവി അവതരിപ്പിക്കുന്ന നിലപാടെന്താണ് ? വിശദീകരിക്കുക.

12 വംശീയതയെയും ഗോത്ര ജീവിതത്തെയും പ്രതിനിധാനം ചെയ്യാൻ മലയാളത്തിലെ പുതു കവിതകൾക്കു കഴിയുന്നുണ്ടോ ? പാഠ്യഭാഗങ്ങളെ ആധാരമാക്കി വിശദീകരിക്കുക.

13 എവിടെ ലോൺ എന്ന കവിത നിർവഹിക്കുന്ന കാവ്യധർമ്മത്തെക്കുറിച്ച് വിവരിക്കുക.

(4 × 10 = 40 marks)

III. ആറു പുറത്തിൽ കവിയാതെ ഏതെങ്കിലും **രണ്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.

14 ആധുനികതയിൽ നിന്ന് ആധുനികാനന്തരതയിലേക്ക് സഞ്ചരിച്ചപ്പോൾ മലയാള കവിതയിൽ വന്ന മാറ്റം എന്തെല്ലാമായിരുന്നു ? പാഠ്യഭാഗത്തെ രചനകലെ ആധാരമാക്കി വിവരിക്കുക.

15 സമകാലിക കവിതയിലെ രാഷ്ട്രീയം വ്യത്യസ്തമാകുന്നത് ഏതെല്ലാം തലങ്ങളിലാണ് ? വിശകലനം ചെയ്യുക.

16 സമകാലിക കവിതയെ ബഹുസ്വരമാക്കുന്ന ഘടകങ്ങൾ ഏതെല്ലാം ? പാഠ്യഭാഗത്തെ രചനകളിൽ അവ പ്രതിഫലിക്കുന്നുണ്ടോ ? പരിശോധിക്കുക.

17 മലയാള കവിതയിൽ ഇന്നും രാഷ്ട്രീയപക്ഷവും സൗന്ദര്യപക്ഷവും സജീവമായി നിലനിൽക്കുന്നുണ്ട് —ഈ അഭിപ്രായം ശരിയോ ? വിശകലനം ചെയ്യുക.

(2 × 16 = 32 marks)

CHMK LIBRARY UNIVERSITY OF CALICUT

**C 2519**

Name..................................

Reg. No..................................

# FOURTH SEMESTER P.G. DEGREE EXAMINATION, APRIL 2021

(CCSS)

M.A. Malayalam

## MAL 4E 10—കേരളീയ കലാ പഠനം

(STUDY OF KERALA ARTS)

(2019 Admissions)

Time : Three Hours — Maximum : 80 Marks

I. അരപ്പേജിൽ കവിയാതെ **നാലെണ്ണത്തിന്** ഉത്തരം എഴുതുക.

1 കേരളീയ വാസ്തുവിദ്യ.

2 സുകുമാര കലകൾ.

3 സോപാനസംഗീതം.

4 കഥാപ്രസംഗം.

5 ഒപ്പന.

6 നങ്ങ്യാർ കൂത്ത്.

7 മാർഗ്ഗം കളി.

(4 × 2 = 8 marks)

II. നാലു പുറത്തിൽ കവിയാതെ ഏതെങ്കിലും **നാലു** ചോദ്യത്തിന് ഉത്തരം എഴുതുക.

8 കേരളീയ സംഗീത പാരമ്പര്യത്തിൽ നാടോടിപ്പാട്ടുകൾക്കുള്ള സ്ഥാനം എന്ത് ?

9 തുള്ളൽ കലയുടെ സവിശേഷതകൾ വിലയിരുത്തുക.

10 മനുഷ്യ സംസ്കാരവും കലയും തമ്മിലുള്ള ബന്ധം ചർച്ച ചെയ്യുക.

11 കാക്കാരിശ്ശി നാടകത്തിന്റെ അരങ്ങിലെ സൗന്ദര്യ ശാസ്ത്രത്തെക്കുറിച്ച് വിശദീകരിക്കുക.

12 കേരളീയ രംഗകലയിലുള്ള വിദേശ സ്വാധീനത്തെക്കുറിച്ച് ഉപന്യസിക്കുക.

13 കേരളത്തിന്റെ വാദ്യ കലാ പാരമ്പര്യത്തെക്കുറിച്ച് ചർച്ച ചെയ്യുക.

(4 × 10 = 40 marks)

III. ആറു പുറത്തിൽ കവിയാതെ ഏതെങ്കിലും **രണ്ടു** ചോദ്യത്തിന് ഉത്തരം എഴുതുക.

14 കേരളത്തിലെ ആധുനിക നാടകവേദിയുടെ സവിശേഷതകൾ വിലയിരുത്തുക.

15 ജനപ്രിയ കലകൾ എന്നതു കൊണ്ട് ഉദ്ദേശിക്കുന്നതെന്ത് ? വിശദമാക്കുക.

16 കേരളീയ ചിത്രകലയുടെ വികാസ പരിണാമഘട്ടങ്ങൾ വിലയിരുത്തുക.

17 നവീന നൃത്യകലകളുടെ രംഗകലാപരമായ പ്രത്യേകതകളെക്കുറിച്ച് ചർച്ച ചെയ്യുക.

(2 × 16 = 32 marks)

CHMK LIBRARY UNIVERSITY OF CALICUT

C 2518 (Pages : 2) Name.....................................

Reg. No..................................

# FOURTH SEMESTER P.G. DEGREE EXAMINATION, APRIL 2021

(CCSS)

M.A. Malayalam

## MAL 4E 09—മലയാള നാടകം

(MALAYALAM DRAMA)

(2019 Admissions)

Time : Three Hours Maximum : 80 Marks

I. ഏതെങ്കിലും **നാലു** ചോദ്യത്തിന് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

1 എന്റെ സുഖോക്കെ പോയി. നാളെ വെളിച്ചായാൽ . . . എനിക്ക് വയ്യേ നിരീക്കാൻ . . . ഈ ആത്മരോദനത്തിന്റെ അകപ്പൊരുൾ വിശദമാക്കുക.

2 "ചരിത്രം നിർമ്മിച്ചവരിലൊരാൾ തന്നെ ചരിത്രത്തിൽ നിന്നു പുറത്തു കടക്കുക, സ്വാതന്ത്ര്യം പാടിയ നാവിൽത്തന്നെ മരണത്തിന്റെ കറുപ്പ് ചേർക്കുക"—സൂചിതം സ്പഷ്ടമാക്കുക.

3 കിരീടം ഒരാനന്ദമല്ല എന്ന വിലയിരുത്തലിലേക്ക് ദാവീദ് ചെന്നെത്തിയതെങ്ങനെ ?

4 "പാവങ്ങൾക്കു കിടന്നു ചാവാൻ ഒരു തണലു കൂടി ഈശ്വരൻ കൊടുക്കില്യാ് "—നാടക സന്ദർഭം വിശദമാക്കുക.

5 സമത്വവാദി ഒരു എക്സ്പ്രഷനിസ്റ്റ് നാടകമാകുന്നതെങ്ങനെ ?

6 "അത്രയെളുപ്പം ശാന്തി വിലയ്ക്കു മേടിക്കാമെന്നു കരുതേണ്ട "—ആർക്കാണ് ശാന്തി നഷ്ടപ്പെട്ടത് ? അതിനുള്ള കാരണമെന്ത് ?

7 "ജനിക്കാനിരിക്കുന്നവരും മരിച്ചു പോയവരും ജീവിച്ചിരിക്കുന്നവരെക്കാൾ പ്രായം കൂടിയവരാണ് " —വിവക്ഷിതം വ്യക്തമാക്കുക.

(4 × 2 = 8 marks)

II. ഏതെങ്കിലും **നാലു** ചോദ്യത്തിന് നാലു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

8 'തനതു നാടകസങ്കല്പം' എന്തെന്നു വിശദീകരിക്കുക.

9 "അതിന്റെയൊരു രസം നിങ്ങൾക്ക് പറഞ്ഞാ മനസ്സിലാകില്ല. അതിനിടയ്ക്ക് ചെറിയൊരു കല്ലു കടി ഉണ്ടായെന്നേയുള്ളൂ "—എന്തിന്റെ രസം ? കല്ലുകടി എന്നു വിശേഷിപ്പിക്കുന്നതെന്തിനെ ? വിശദീകരിക്കുക.

10 മലയാള നാടക ചരിത്രത്തിൽ മറിയാമ്മാ നാടകത്തിനുള്ള സ്ഥാനമെന്ത് ?

11 "വർഷത്തുവിൽ ചാഞ്ചാടുന്ന പുൽത്തഴപ്പുകൾ അറിയുന്നില്ല അടിയിൽ അഗ്നിശിലാപാളികൾ തകരുന്ന ഘോഷം"—ഈ കാവ്യഭാഷണത്തിന്റെ സാരസ്യവും ആശയതലവും വിവരിക്കുക.

Turn over

CHMK LIBRARY UNIVERSITY OF CALICUT

12 സ്ത്രീനാടകവേദിയുടെ സവിശേഷതയെന്ത് ?

13 മാതൃത്വത്തെക്കുറിച്ചുള്ള പരമ്പരാഗത സങ്കല്പത്തെ നിരാകരിക്കുന്ന നടകമാണ് ലേബർറൂം —വിശദീകരിക്കുക.

(4 × 10 = 40 marks)

III. ഏതെങ്കിലും **രണ്ട്** ചോദ്യത്തിന് ആറു പുറത്തിൽ കവിയാതെ ഉത്തരം എഴുതുക.

14 മലയാളത്തിലെ സംസ്കൃതനാടക പരിഭാഷകളെ ചരിത്രപരമായി നിരീക്ഷിച്ചു വിലയിരുത്തുക.

15 പി.എം. താജിന്റെ നാടകങ്ങളിൽ ദുരന്തബോധവും നർമ്മഭാവനയും ഇണങ്ങിച്ചേരുന്നതെങ്ങനെയെന്നു വിശദമാക്കുക.

16 മലയാള നാടകവേദിയിലെ ആധുനികതയുടെ ആദ്യാങ്കുരമാണ് സമത്വവാദി—ശരിയോ ? ചർച്ച ചെയ്യുക.

17 ആശയാവിഷ്കരണത്തിലും രംഗാവതരണ സാധ്യതയിലും പുതുമ പുലർത്തുന്ന നാടകങ്ങളെന്ന നിലയിൽ കേള്വ, റോസ് മേരി പറയാനിരുന്നത്, ലേബർ റൂം എന്നീ കൃതികളെ വിലയിരുത്തുക.

(2 × 16 = 32 marks)

CHMK LIBRARY UNIVERSITY OF CALICUT

**C 2517**

Name.....................................

Reg. No..................................

# FOURTH SEMESTER P.G. DEGREE EXAMINATION, APRIL 2021

(CCSS)

M.A. Malayalam

MAL 4C 12—സാഹിത്യ സിദ്ധാന്തം – പാശ്ചാത്യം (LITERARY THEORIES – WESTERN)

(2019 Admissions)

Time : Three Hours

Maximum : 80 Marks

I. ഏതെങ്കിലും **നാലു** ചോദ്യത്തിന് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

കുറിപ്പെഴുതുക.

1 കഥാർസിസ്.

2 ഫ്യൂച്ചറിസം.

3 അപനിർമ്മാണം.

4 ദ്വിതീയഭാവന.

5 വ്യവഹാരം.

6 ഘടനാവാദം.

7 ഭാവസങ്കലനം (synesthesia).

(4 × 2 = 8 marks)

II. ഏതെങ്കിലും **നാലു** ചോദ്യത്തിന് നാലു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

8 പ്ലേറ്റോ കവികളെ എതിർക്കാൻ കാരണമെന്ത് ? അതിന്റെ യുക്തി നിരൂപണം ചെയ്യുക.

9 ഭാഷണത്തെക്കാൾ പ്രധാനം എഴുത്താണെന്ന് ദറിദ പറയുന്നതെന്തു കൊണ്ട് ?

10 ഭാഷാപഠനത്തിൽ റോമൻ യാക്കോബ്സൺ സ്വീകരിച്ച നിലപാടെന്തായിരുന്നു ? സസ്യൂറിൽ നിന്ന് അതെങ്ങനെ വേറിട്ടു നിൽക്കുന്നു ?

11 എലിയട്ടിന്റെ കാവ്യസങ്കല്പം വിശദീകരിക്കുക.

12 ഉദാത്തതയുടെ ഘടകങ്ങൾ വിശദീകരിക്കുക.

13 സോഷ്യലിസ്റ്റ് റിയലിസം ഒരു പ്രസ്ഥാനമെന്ന നിലയിൽ വളർച്ച പ്രാപിച്ചതെങ്ങനെ ?

(4 × 10 = 40 marks)

III. ആറു പുറത്തിൽ കവിയാതെ ഏതെങ്കിലും **രണ്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.

14 കാല്പനിക വിമർശനത്തിന്റെ അടിസ്ഥാന സ്വഭാവങ്ങൾ വിവരിക്കുക.

15 കാവ്യം, കാവ്യഭാഷ എന്നിവയെക്കുറിച്ച് വേഡ്സ് വർത്തും കോളറിഡ്ജും പുലർത്തിയിരുന്ന ധാരണകൾ എന്തെല്ലാമായിരുന്നു ? താരതമ്യം ചെയ്യുക.

16 ഘടനാവാദോത്തര സാഹിത്യ വിമർശനത്തെക്കുറിച്ച് ഉപന്യസിക്കുക.

17 ഐ.എ. റിച്ചാഡ്സിന്റെ വിമർശന സിദ്ധാന്തത്തിൽ തെളിഞ്ഞു കണ്ട പുതുമകൾ എന്തെല്ലാമായിരുന്നു ? വിലയിരുത്തുക.

(2 × 16 = 32 marks)

CHMK LIBRARY UNIVERSITY OF CALICUT

**C 2516** (Pages : 4) Name.....................................

Reg. No.....................................

# FOURTH SEMESTER P.G. DEGREE EXAMINATION, APRIL 2021

(CCSS)

M.A. Malayalam

## MAL 4C 11/SKT 4E 13—SANSKRIT LITERATURE FOR BEGINNERS

(2019 Admissions)

Time : Three Hours Maximum : 80 Marks

*Answers may be written* **either** *in Sanskrit* **or** *in English* **or** *in Malayalam.*
*In writing Sanskrit, Devanagari script should be used.*

CHMK LIBRARY UNIVERSITY OF CALICUT

I. **Explain fully any six of the following :**

अधोलिखितेषु षट् व्याख्यात :

1 करितुरगरथस्थैः पार्थकितोः पुरस्ताद्

मुदितनृपतिसिंहैः सिंहनादः कृतोऽद्य ।

त्वरितमरिनिनादैर्दुःसहं लोकवीरः

समरमधिगतार्थः प्रस्थितो नागकेतुः ।।

2 कृत्ते वज्रमुखेन नाम कृमिणा दैवान्ममोरूद्वये

निद्राच्छेदभयादसह्यत गुरोर्धैर्यात्तदा वेदना ।

उत्थाय क्षतजाप्लुतः स सहसा रोषानलोद्दीपितो

बुद्ध्वा मां च शशाप कालविफलान्यस्त्राणि ते सन्त्विति ।।

3 अङ्गैः सहैव जनितं मम देहरक्षा

देवासुरैरपि न भेद्यमिदं सहास्त्रैः ।

देयं तथापि कवचं सह कुण्डलाभ्यां

प्रीत्या मया भगवतो रूचितं यदि स्यात् ।।

**Turn over**

4 गुणवदमृतकल्पक्षीरधाराभिवर्षि

द्विजवर रूचितं ते तृप्तवत्सानुपातम् ।

तरूणमधिकमर्थिप्रार्थनीयं पवित्रं

विहितकनकश्रृङ्गं गोसहस्रं ददामि ।।

5 अनेकयज्ञाहुतितर्पितो द्विजैः

किरीटिमान् दानवसङ्घमर्दनः ।

सुरद्विपास्फालनकर्कशाङ्गुलिः

मया कृतार्थः खलु पाकशासनः ।।

6 अथाजिनाषाढधरः प्रगल्भवाग्-

ज्वलन्निव ब्रह्ममयेनतेजसा ।

विवेश कश्चिज्जटिलस्तपोवनं

शरीरबद्धः प्रथमाश्रमो यथा ।।

7 यदुच्यते पार्वति पापवृत्तये

न रूपमित्यव्यभिचारि तद्वचः ।

तथा हि ते शीलमुदारदर्शने

तपस्विनामप्युपदेशतां गतम् ।।

8 दिवं यदि प्रार्थयसे वृथाश्रमः

पितुः प्रदेशास्तव देवभूमयः ।

अथोपयन्तारमलं समाधिना

न रत्नमन्विष्यति मृग्यते हि तत् ।।

CHMK LIBRARY UNIVERSITY OF CALICUT

9 द्रुमेषु सख्या कृतजन्मसु स्वयं
फलं तपःसाक्षिषु दृष्टमेष्वपि ।
न च प्ररोहाभिमुखोऽपि दृश्यते ।
मनोरथोऽस्याः शशिमौलिसंश्रयः ।।

10 वपुर्विरूपाक्षमलक्ष्यजन्मता
दिगम्बरत्वेन निवेदितं वसु ।
वरेषु यद्बालमृगाक्षि मृग्यते
तदस्ति किं व्यस्तमपि त्रिलोचने ।।

(6 × 3 = 18 marks)

II. Annotate any *six* of the following :

अधोलिखितेषु षट् ससन्दर्भ व्याख्यात :

11 ततो नाहं क्षत्रिय इत्यस्त्रोपदेशं ग्रहीतुमारब्धः ।

12 निवेदयन्तीव रणे निवर्तनम् ।

13 विमला नाम शक्तिरियं प्रतिगृह्यताम् ।

14 अङ्गराज वञ्चितः खलु भवान् ।

15 अयं स कालः क्रमलब्धशोभनो
गुणप्रकर्षो दिवसोऽयमागतः ।।

16 यतः सतां सन्नतगात्रि सङ्गतं
मनीषिभिः साप्तपदीनमुच्यते ।

17 तवाक्षिसादृश्यमिव प्रयुञ्जते ।

18 श्मशानशूलस्य न यूपसत्क्रिया ।

19 महाजनः स्मेरमुखो भविष्यति ।

20 न रत्नमान्विष्यति मृग्यते हि तत् ।

(6 × 4 = 24 marks)

Turn over

CHMK LIBRARY UNIVERSITY OF CALICUT

C 2515 (Pages : 4) Name....................................

Reg. No..................................

# FOURTH SEMESTER P.G. DEGREE EXAMINATION, APRIL 2021

(CCSS)

M.A. Malayalam

MAL 4E 4/16 (D)—NAVEENA KAVITHA

(2014 Admissions)

Time : Three Hours Maximum : 80 Marks

I. ഒരു വാക്കിലോ, വാക്യത്തിലോ ഉത്തരമെഴുതുക :

1 'കായിക്കരയിലെ കടൽ' എന്ന കവിത എഴുതിയതാര് ?

2 'കേരള കവിത' എന്ന ആനുകാലികം ആരംഭിച്ചതാര് ?

3 "ഇതു രണ്ടും തമ്മിലുള്ള വ്യത്യാസം ഫോട്ടോസ്റ്റാറ്റും ആധാരം പകർത്തലും പോലെയാണ് " —കവി സൂചിപ്പിക്കുന്ന രണ്ടു കാര്യങ്ങൾ ഏതൊക്കെയാണ് ?

4 എം.എൻ. പാലൂരിന്റെ ആത്മകഥയുടെ പേരെന്ത് ?

5 'കുറേക്കൂടി നീണ്ട കവിതകൾ' ആരുടെ വകയാണ് ?

6 അവിട്ടനല്ലൂരിന്റെ മൂർദ്ധാവിലൂടെ തേരോടിച്ച കവി.

7 'കുരുക്ഷേത്രം' പ്രസിദ്ധീകരിച്ച വർഷമേത് ?

8 'മേഘരൂപൻ' എന്ന കവിത ആദ്യം അവതരിപ്പിച്ചതെവിടെ ?

9 'വിഹരിക്കുകയാണ് മേതിൽ' എന്ന പഠനം എഴുതിയതാര് ?

10 "കപട ലോകത്തിലെന്നുടെ കാപട്യം

സകലരും കണ്ടതാണെൻ പരാജയം"

—ഈ വരികൾ ആരുടേതാണ് ?

11 'എന്റെ മുറിവുകളിലവരിരിക്കുന്നു' ആരൊക്കെയാണ് ഇരിക്കുന്നത് ?

12 "നരസമത്വത്തിന്റെ ശൈഥില്യമേ" എന്ന് കവി സംബോധന ചെയ്യുന്നത് എന്തിനെ ?

13 "ഒരു പക്ഷേ ഇതായിരിക്കാം കവി പറഞ്ഞ ആ ക്രൂരകാലം"—ഏതു കവിയെക്കുറിച്ചും കവിതയെ ക്കുറിച്ചുമാണ് ഇവിടെ സൂചിപ്പിക്കുന്നത് ?

14 "നീയറിയുന്നോ വായനക്കാരാ നീറുമെന്നുള്ളിൽ നിറയും വ്യഥകൾ" എന്നു ചോദിച്ച കവിയാര് ?

15 'മലയാള കവിതയ്ക്കൊരു കത്ത്' എഴുതിയതാര് ?

CHMK LIBRARY UNIVERSITY OF CALICUT

16 നചികേതസ് എന്ന കാവ്യത്തിൽ ചേർത്തിരിക്കുന്ന ചിത്രങ്ങൾ വരച്ചതാര് ?

17 "ഇപ്പോൾ ഞാൻ രാജാവിനെപ്പോലെ മുകളിൽ

അങ്ങ് ആനയെപ്പോലെ താഴെ"

—ഈവരികൾ എഴുതിയതാര് ?

18 "ചപ്പുവാരി നിവർന്നവൾക്കിത്ര

കാപ്പിമട്ടു കുടിക്കുവാൻ മോഹം"

—ഏതു കവിതയിലെ ഉദ്ധരണിയാണിത് ?

19 ആറ്റൂർ രവിവർമ്മ എഡിറ്റ് ചെയ്ത് 1984-ൽ പ്രസിദ്ധീകരിച്ച കവിതാസമാഹാരത്തിന്റെ പേരെന്ത് ?

20 'പ്രണയം—ഒരാൽബം' ആരുടെ കവിതകളുടെ സമഹാരമാണ് ?

(20 × ½ = 10 marks)

II. രണ്ടു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക :

21 (a) എൻ.വി. കൃഷ്ണവാര്യരുടെ കവിതകളെ സോദ്ദേശ്യ രചനകൾ എന്നു വിളിക്കുന്നത് എത്രത്തോളം ഉചിതമെന്ന് നിരൂപിക്കുക.

**അല്ലെങ്കിൽ**

(b) അയ്യപ്പപ്പണിക്കരുടെ കാവ്യഭാഷയുടെ പ്രത്യേകതകൾ എന്തൊക്കെ ?

22 (a) "അണുധൂളിപ്രസരത്തി-

ന്നവിശുദ്ധ ദിനങ്ങളിൽ

മുങ്ങിക്കിടന്നു നീ പൂർവ്വ

പുണ്യത്തിന്റെ കയങ്ങളിൽ"

—സ്വാരസ്യം വ്യക്തമാക്കുക.

**അല്ലെങ്കിൽ**

(b) നവീന കവിതയ്ക്ക് നേരിടേണ്ടി വന്ന പ്രധാന വിമർശനങ്ങൾ എന്തൊക്കെയായിരുന്നു ?

23 (a) ഒരു നഷ്ടസ്വപ്നത്തിന്റെ സൗന്ദര്യം തേടിയുള്ള അന്വേഷണമാണ് മണിയറക്കവിതകളുടെ അടിസ്ഥാനദർശനം—നിരീക്ഷിക്കുക.

**അല്ലെങ്കിൽ**

(b) 'എലികൾ' എന്ന കവിതയിലെ രാഷ്ട്രീയവിമർശനത്തിന്റെ സ്വഭാവം വ്യക്തമാക്കുക.

CHMK LIBRARY UNIVERSITY OF CALICUT

24 (a) "മഞ്ഞിനോടു വെയിലെന്ന പോലെ ഞാൻ
നിന്നൊടൊന്നു നിഴൽ തൊട്ടു നിൽക്കവേ
മഞ്ഞിനൊത്തു തെളിയുന്നു പിന്നെ നീ
മഞ്ഞു പോലെയലിയുന്നു നിത്യമായ്"
—ആന്തരാർത്ഥം കണ്ടെത്തുക.

**അല്ലെങ്കിൽ**

(b) കിരാതവൃത്തത്തിലെ കാട്ടാളൻ ഉയിർത്തെഴുന്നേൽപ്പിന്റെ സ്വരമാണ് മുഴക്കുന്നത്—സമർത്ഥിക്കുക.

25 (a) "വീടെവിടെയെന്നാരേലും ചോദിച്ചാൽ
ഞാൻ തെറ്റിച്ചു പറയും
നാണം പുറത്തു കാട്ടാതെ വിക്കാതെ"
—ഈ വരികളുടെ പ്രതിനിധാനമെന്ത് ?

**അല്ലെങ്കിൽ**

(b) ഭൂസ്പർശമേറ്റപ്പോൾ നചികേതസ്സിനുണ്ടായ മാറ്റത്തെ കവിതയിൽ ആവിഷ്കരിച്ചിരിക്കുന്നതെങ്ങനെ ?

(5 × 4 = 20 marks)

III. നാലു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക :

26 (a) സ്വാതന്ത്ര്യത്തിന്റെ അർത്ഥം തേടിയുള്ള നിരന്തര യാത്രയാണ് കാവ്യരചന എന്നു തെളിയിക്കുന്നതാണ് സച്ചിദാനന്ദന്റെ കവിതകൾ—'വീടുമാറ്റ'ത്തെ മുൻനിർത്തി പര്യാലോചിക്കുക.

**അല്ലെങ്കിൽ**

(b) ബഹുസ്വരതയും ആവിഷ്കാര സ്വാതന്ത്ര്യവുമാണ് ആധുനികാനന്തര കവിതയുടെ ഗുണദോഷങ്ങളെ നിർണയിക്കുന്നത്—ചർച്ച ചെയ്യുക.

27 (a) ബിംബസൃഷ്ടിയുടെ കലയാണ് കവിത എന്നു ബോധ്യപ്പെടുത്തുന്ന രചനയാണ് ബാലചന്ദ്രൻ ചുള്ളിക്കാടിന്റെ 'ഗസൽ' സമർത്ഥിക്കുക.

**അല്ലെങ്കിൽ**

(b) മലയാള കവിതയിൽ സ്ത്രീവാദരാഷ്ട്രീയം എത്രത്തോളം പ്രബലമാണെന്ന് സോദാഹരണം വ്യക്തമാക്കുക.

28 (a) ഭൗതിക ജീവിതാസക്തിയിൽ തകർന്നു പോകുന്ന ആത്മശാന്തിയെക്കുറിച്ചുള്ള ഉൽക്കണ്ഠകൾ ആധുനിക കവികൾ പങ്കു വച്ചതെങ്ങനെ ? പാഠ്യഭാഗങ്ങളെ ആസ്പദമാക്കി വിശകലനം ചെയ്യുക.

**അല്ലെങ്കിൽ**

(b) ആറ്റൂർ രവിവർമ്മയുടെ 'മേഘരൂപൻ' എന്ന കവിത കേരളീയ സംസ്കാരത്തെയും 'കവി'യെയും 'കവിത'യെയും തൊട്ടു കാണിക്കുന്നുണ്ട്—ഉപപാദിക്കുക.



CHMK LIBRARY UNIVERSITY OF CALICUT

29 (a) രചനാശില്പത്തിലും കാവ്യവിഷയത്തിലും ഒരു വഴിമാറിനടപ്പ് ലക്ഷ്യം വച്ച കവിതയാണ് 'എലികൾ' —സമർത്ഥിക്കുക.

**അല്ലെങ്കിൽ**

(b) എ. അയ്യപ്പനും ഡി. വിനയചന്ദ്രനും നവീന കവിതയുടെ വ്യത്യസ്ത പ്രതിനിധാനങ്ങളാകുന്നത് എങ്ങനെയെന്ന് അന്വേഷിക്കുക.

30 (a) സ്വാർത്ഥത നിറഞ്ഞ നാഗരികതയുടെയും അനുദിനം വളരുന്ന ഉപഭോഗതൃഷ്ണയുടെയും നീരാളിപ്പിടിത്തത്തിൽപ്പെട്ട ഒരു കാലത്തെയാണ് പി.പി. രാമചന്ദ്രന്റെ മാമ്പഴക്കാലം അനാവൃതമാക്കുന്നത്—ചർച്ച ചെയ്യുക.

**അല്ലെങ്കിൽ**

(b) പാരമ്പര്യത്തെ അതിലംഘിക്കുന്ന കാവ്യഭാഷ കൊണ്ടാണ് എൽ. തോമസ് കുട്ടിയുടെയും എ.സി. ശ്രീഹരിയുടെയും കവിതകൾ ശ്രദ്ധേയമാകുന്നത്—നിരൂപിക്കുക.

(5 × 10 = 50 marks)

CHMK LIBRARY UNIVERSITY OF CALICUT

**C 2514** (Pages : 3) Name..................................

Reg. No..................................

# FOURTH SEMESTER P.G. DEGREE EXAMINATION, APRIL 2021

(CCSS)

M.A. Malayalam

MAL 4E 4/16 (C)—ANUKALPANAM

(2014 Admissions)

Time : Three Hours Maximum : 80 Marks

I. ഒറ്റ വാക്കിലോ, ഒറ്റ വാക്യത്തിലോ ഉത്തരമെഴുതുക :

1 നാറാണത്തുഭ്രാന്തൻ എന്ന കവിത ഏത് ഐതിഹ്യത്തെയാണ് ഓർമ്മിപ്പിക്കുന്നത് ?

2 കർണന്റെ സമ്പൂർണകഥ പ്രധാന ഭാഗമായി വരുന്ന പി.കെ. ബാലകൃഷ്ണന്റെ നോവലേത് ?

3 "അങ്ങാടികളിൽ തോൽവി പിണഞ്ഞാൽ
അമ്മയോടപ്രിയമെന്നതുപോലെ"
—ഏതു കവിയുടേതാണ് ഈ വരികൾ ?

4 ആട്ടക്കഥയുടെ ദൃശ്യാവിഷ്കാരത്തിന് പറയുന്ന പേര്.

5 ആരെല്ലാം ചേർന്നാണ് കൂടിയാട്ടത്തിലെ അഭിനയ സമ്പ്രദായങ്ങൾ ചിട്ടപ്പെടുത്തിയത് ?

6 രാമായണ നാടകത്രയം എന്നറിയപ്പെടുന്ന മൂന്നു നാടകങ്ങൾ രചിച്ചതാര് ?

7 ഇനി ഞാനുറങ്ങട്ടെ എന്ന കൃതിയുടെ രചയിതാവാര് ?

8 മഹാഭാരതത്തെ ഉപജീവിച്ച് കുട്ടിക്കൃഷ്ണമാരാർ എഴുതിയ കൃതി.

9 വിഭീഷണനെ കൊല്ലാതെ വിട്ട രാവണന്റെ തത്വശാസ്ത്രം എന്ത് ?

10 മനസ്സിന്റെ രണ്ടു തലങ്ങളെ കഥാപാത്രങ്ങളുടെ രൂപത്തിൽ അവതരിപ്പിക്കുന്ന പത്മരാജന്റെ സിനിമയേത് ?

11 തച്ചന്റെ മകൾ രചിച്ചതാര് ?

12 റസ്കാൾ നിക്കാഫ് എന്ന കഥാപാത്രത്തെ അവതരിപ്പിച്ച നോവലേത് ?

13 ഒരു കൃതി വ്യത്യസ്തമായ മറ്റൊരു മാധ്യമത്തിലേക്ക് പരിവർത്തനം ചെയ്യപ്പെടുന്നതിനെ പറയുന്ന പേര്.

14 പറക്കുംകൂത്ത്, ഒഴുകുംകൂത്ത് തുടങ്ങിയ അത്ഭുതക്കാഴ്ചകൾ ഒരുക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ഏതു കൃതിയിൽ കാണാനാവും ?

15 ഏതു കലാരൂപത്തെ പരിഷ്കരിച്ചാണ് കുഞ്ചൻ നമ്പ്യാർ തുള്ളൽ ചിട്ടപ്പെടുത്തിയത് ?

16 രാമായണ നാടകത്രയത്തിലെ ആദ്യ ഖണ്ഡമായ നാടകം ഏത് ?

Turn over

CHMK LIBRARY UNIVERSITY OF CALICUT

17 നടന്മാർ അവശ്യം അറിഞ്ഞിരിക്കേണ്ട ബാഹ്യവിഷയങ്ങളെ ഉപദേശിക്കുന്ന കൃതി.

18 അനുകല്പനത്തെ ചിഹ്നാന്തര വിവർത്തനം എന്നു വിളിച്ചതാര് ?

19 കേരളത്തിന്റെ അനുകല്പന പാരമ്പര്യത്തിന്റെ തെളിവുകളായി കാണാവുന്ന കൃതികളേത് ?

20 സംസ്കാരങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന പാലമാണ് വിവർത്തനം എന്ന് അഭിപ്രായപ്പെട്ടതാര് ?

(20 × ½ = 10 marks)

II. മൂന്നു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക :

21 (a) തച്ചന്റെ മകൻ എന്ന കൃതിയും തച്ചന്റെ മകൾ എന്ന കൃതിയും തമ്മിൽ താരതമ്യം ചെയ്യുക.

**അല്ലെങ്കിൽ**

(b) മാലി ഭാരതം കുട്ടികൾക്കു വേണ്ടി രചിക്കപ്പെട്ടതാണെന്ന് വിലയിരുത്താൻ കഴിയുന്നതെങ്ങനെ ?

22 (a) ഇടശ്ശേരിയുടെ പൂതപ്പാട്ടിന് ഒരാസ്വാദനം തയ്യാറാക്കുക.

**അല്ലെങ്കിൽ**

(b) നളചരിതത്തിലെ നളന്റെ സ്വഭാവനിർണ്ണയം ചെയ്യുക.

23 (a) പെരുന്തച്ഛൻ എന്ന സിനിമയും ഐതിഹ്യവും തമ്മിലുള്ള വ്യത്യാസങ്ങൾ എന്തെല്ലാം ?

**അല്ലെങ്കിൽ**

(b) കുറസോവയുടെ ചലച്ചിത്രാത്മകമായ ആവിഷ്കാരം കാക്കകളെ അടിസ്ഥാനമാക്കി വിലയിരുത്തുക.

24 (a) ഇനി ഞാനുറങ്ങട്ടെ എന്ന കൃതിയ്ക്ക് ഒരാസ്വാദനം എഴുതുക.

**അല്ലെങ്കിൽ**

(b) പറയി പെറ്റ പന്തിരുകുലം എന്ന ഐതിഹ്യത്തെ ഇന്നലത്തെ മഴ എന്ന നോവൽ നോക്കിക്കാണുന്നതെങ്ങനെ ?

25 (a) റോമൻ യാക്കോബ്സന്റെ വിവർത്തന സങ്കല്പം എന്ത് ?

**അല്ലെങ്കിൽ**

(b) പുനഃസൃഷ്ടി എന്നാലെന്ത് ? സംഗ്രഹീത പുനരാഖ്യാനവുമായി ഇതിനുള്ള വ്യത്യാസമെഴുതുക.

(5 × 4 = 20 marks)

III. അഞ്ചു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

26 (a) നാടകവും നോവലും തമ്മിലുള്ള അടിസ്ഥാനപരമായ വ്യത്യാസങ്ങൾ എന്തെല്ലാം ? വിശദമക്കുക.

**അല്ലെങ്കിൽ**

(b) അനുകല്പനത്തിന്റെ സവിശേഷതകൾ നോവലും സിനിമയും തമ്മിലുള്ള വ്യത്യാസങ്ങളെ അടിസ്ഥാനപ്പെടുത്തി ഉദാഹരണസഹിതം വിവരിക്കുക.

CHMK LIBRARY UNIVERSITY OF CALICUT

27 (a) വിവിധതരം വിവർത്തനങ്ങൾ ഏതെല്ലാം ? വിശദീകരിക്കുക.

**അല്ലെങ്കിൽ**

(b) ആട്ടപ്രകാരം, ക്രമദീപിക എന്നിവ എന്ത് ? വിവരിക്കുക.

28 (a) പാഠകം, കൂത്ത് എന്നിവയെ രംഗാവതരണമെന്ന നിലയിൽ പരിശോധിക്കുക.

**അല്ലെങ്കിൽ**

(b) നളചരിതം ആട്ടക്കഥയുടെ മഹോന്നതസ്ഥാനത്തിനു കാരണമായിത്തീർന്ന ഘടകങ്ങൾ എന്തെല്ലാം ? വിലയിരുത്തുക.

29 (a) സംഗ്രഹീത പുനരാഖ്യാനവും ജി. ശങ്കരക്കുറുപ്പിന്റെ പെരുന്തച്ചനും—സ്വാഭിപ്രായം എഴുതുക.

**അല്ലെങ്കിൽ**

(b) റഷ്യൻ വിവർത്തനങ്ങൾ മലയാള സാഹിത്യത്തിലും സംസ്കാരത്തിലും ചെലുത്തിയ സ്വാധീനത്തെക്കുറിച്ചെഴുതുക.

30 (a) തിരക്കഥയുടെ പ്രയോജനം എന്ത് ? ഇതിന്റെ അടിസ്ഥാന സവിശേഷതകൾ വിവരിക്കുക.

**അല്ലെങ്കിൽ**

(b) ഒരു പഴങ്കഥയിൽ നിന്ന് പുതിയ കാലത്തിന്റെ തത്വശാസ്ത്രം തച്ചന്റെ മകൾ എന്ന കവിതയിൽ ഉരുത്തിരിയുന്നുണ്ട്—വിശദമാക്കുക.

($5 \times 10 = 50$ marks)

CHMK LIBRARY UNIVERSITY OF CALICUT

**C 2510** (Pages : 3) Name.....................................

Reg. No..................................

# FOURTH SEMESTER P.G. DEGREE EXAMINATION, APRIL 2021

(CCSS)

M.A. Malayalam

MAL 4E 4/15 (B)—KERALIYA CHINTHA

(2014 Admissions)

Time : Three Hours Maximum : 80 Marks

ഒരു വാക്കിലോ വാക്യത്തിലോ ഉത്തരമെഴുതുക.

1 'സമഗ്രമായൊരു കേരളചരിത്രത്തിന്റെ ആവശ്യകത' എന്ന ലേഖനം എഴുതിയത് ആര് ?

2 പാട്ടിന് ലീലാതിലകം നൽകുന്ന ലക്ഷണമെന്ത് ?

3 ജാതിക്കുമ്മിയും മനീഷാപഞ്ചകവുമായുള്ള ബന്ധമെന്ത് ?

4 കുറിയേടത്തുതാത്രിയെക്കുറിച്ച് വി.ടി. ഭട്ടതിരിപ്പാട് രചിച്ച ലേഖനം ഏത് ?

5 മതങ്ങളുടെ ആചാരപരമായ അംശത്തിന് പറയുന്ന പേരെന്ത് ?

6 'ടോട്ടം' എന്ന വാക്ക് എന്തിനെയാണ് സൂചിപ്പിക്കുന്നത് ?

7 സമൂഹത്തിനുള്ളിൽ പുതിയൊരു സമൂഹം എന്ന നിലയിൽ സംഘത്തെ ഉണ്ടാക്കിയ ആദ്യ മതം ഏത് ?

8 കാറൽമാന് ക്രൈസ്തവ സഭാചരിത്രത്തിലുള്ള സ്ഥാനമെന്ത് ?

9 സരസ്വതീ വിജയം രചിച്ചതാര് ?

10 നായർ സമുദായത്തിന്റെ ചരിത്രത്തെ ആസ്പദമാക്കി റോബിൻ ജെഫ്രി രചിച്ച കൃതി ഏത് ?

11 സാഹിത്യത്തിലെ തത്ത്വചിന്ത എന്ന ലേഖനം എഴുതിയത് ആര് ?

12 'കവിത ഭൂമിയിലെ സ്വർഗ്ഗീയ ദീപവും സത്യത്തിന്റെ ഏറ്റവും പ്രകാശമേറിയ രശ്മിയുമാണ്' എന്ന് നിരീക്ഷിച്ചതാര് ?

13 "ഒരു വേള പഴക്കമേറിയാ-
ലിരുളും മെല്ലെ വെളിച്ചമായ് വരാം
ശരിയായ് മധുരിച്ചിടാം സ്വയം
പരിശീലിപ്പൊരു കയ്പുതാനുമേ"

—ഈ വരികൾ രചിച്ചതാര് ?

14 'വാല്മീകിയുടെ രാമൻ' എന്ന ലേഖനം എഴുതിയതാര് ?

Turn over

CHMK LIBRARY UNIVERSITY OF CALICUT

15 കിരാതവൃത്തം എന്ന കവിത രചിച്ചതാര് ?

16 മനുഷ്യജന്മം ദുർലഭമാണെങ്കിൽ സന്യാസസ്വഭാവമായ ആത്മനാശ വിവേചനം അത്യന്ത ദുർലഭമാണ് എന്ന് നിരീക്ഷിച്ചതാര് ?

17 ഫ്യൂച്ചറിസം എന്ന കൃതിയുടെ രചയിതാവ് ആര് ?

18 "നാം എത്ര കളവു പറഞ്ഞാലും മറ്റെന്തു പാപം ചെയ്താലും നമ്മുടെ മന്ത്രശക്തിയാൽ അതിന്റെ ദോഷം നമ്മിൽ ഇരിക്കില്ല "—ഈ പരാമർശം ഏത് കൃതിയിലേതാണ് ?

19 ഇന്ത്യൻ സംസ്കാരത്തിന്റെ പ്രധാന സവിശേഷതയായി എം. ഗോവിന്ദൻ കരുതുന്നതെന്ത് ?

20 "കാളിയരയത്തി പെറ്റതല്ലേ

കേളിയേറും വ്യാസമാമുനിയേ"

—ഏത് കൃതിയിലേതാണ് ഈ വാക്കുകൾ ?

(20 × ½ = 10 marks)

മൂന്നു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

21 (a) ഇന്ത്യൻ നവോത്ഥാനം പാശ്ചാത്യാനുകരണത്തിന്റെ സന്തതിയല്ല എന്ന് തെളിയിക്കുവാൻ എം. ഗോവിന്ദൻ നിരത്തുന്ന കാരണങ്ങൾ എന്തെല്ലാം ?

അല്ലെങ്കിൽ

(b) 'മതം ഒരു സ്നായുരോഗമാണ് ' എന്ന വാദത്തിന്റെ അടിസ്ഥാനമെന്ത് ?

22 (a) നവലോകത്തിന്റെ സൃഷ്ടിക്കായി നമ്മുടെ കലകൾ സഹായകമാകാത്തതിന്റെ കാരണമെന്ത് ?

അല്ലെങ്കിൽ

(b) 'കാതിന്റേതല്ല കണ്ണിന്റേതാണ് കടമ്മനിട്ടക്കവിത' ഈ പ്രസ്താവനയുടെ സാംഗത്യമെന്ത് ?

23 (a) രാമന്റെ പാതിവ്രത്യനിഷ്ഠയിലെ പോരായ്മകളെക്കുറിച്ച് മാരാർ നടത്തുന്ന നിരീക്ഷണങ്ങൾ എന്തെല്ലാം ?

അല്ലെങ്കിൽ

(b) സാഹിത്യത്തിൽ തത്ത്വചിന്തയുടെ സ്ഥാനമെന്ത് ? വ്യക്തമാക്കുക.

24 (a) സരസ്വതീ വിജയത്തിന്റെ സാമൂഹിക പ്രാധാന്യം വിശദമാക്കുക.

അല്ലെങ്കിൽ

(b) ജാതിക്കുമ്മിയുടെ പ്രമേയത്തിന്റെ സമകാലിക പ്രസക്തി വിശദമാക്കുക.

25 (a) ഐതിഹ്യങ്ങളും കെട്ടു കഥകളും ചരിത്ര രചനയ്ക്കുപയോഗിക്കുന്നതിന്റെ പോരായ്മയെന്ത് ?

അല്ലെങ്കിൽ

(b) ആശാൻ കവിതയുടെ തത്ത്വചിന്താപരതയെക്കുറിച്ച് കുറ്റിപ്പുഴ നടത്തുന്ന നിരീക്ഷണങ്ങൾ ക്രോഡീകരിക്കുക.

(5 × 4 = 20 marks)

CHMK LIBRARY UNIVERSITY OF CALICUT

അഞ്ചു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

26 (a) മതാചാരങ്ങളുടെ അന്തസ്സത്തയെക്കുറിച്ച് എം.എൻ. വിജയൻ നടത്തുന്ന നിരീക്ഷണങ്ങൾ സംഗ്രഹിക്കുക.

**അല്ലെങ്കിൽ**

(b) മന:ശാസ്ത്ര നോവലിന്റെ സവിശേഷതകൾ പരിചയപ്പെടുത്തുക.

27 (a) കേരളീയ നവോത്ഥാനത്തിന് ജാതിക്കുമ്മി നല്കിയ സംഭാവനകൾ വിലയിരുത്തുക.

**അല്ലെങ്കിൽ**

(b) സമഗ്രമായ ഒരു കേരള ചരിത്രത്തിന്റെ ആവശ്യകതയെക്കുറിച്ചുള്ള ഇളംകുളത്തിന്റെ നിരീക്ഷണങ്ങൾ സംഗ്രഹിക്കുക.

28 (a) 'ക്രാന്തദർശികളായ കവികൾ തത്ത്വചിന്തകരുമായിരിക്കും' കുറ്റിപ്പുഴയുടെ ഈ നിരീക്ഷണത്തെ ക്കുറിച്ച് സോദാഹരണം വിവരിക്കുക.

**അല്ലെങ്കിൽ**

(b) നായർ വിവാഹ നിയമത്തിന്റെ സവിശേഷതകൾ പരിചയപ്പെടുത്തുക.

29 (a) ജ്ഞാനപ്പാനയിലെ തത്ത്വചിന്തയെക്കുറിച്ച് ഉപന്യസിക്കുക.

**അല്ലെങ്കിൽ**

(b) ജ്ഞാനപ്പാനയുടെ ഭാഷാ സാഹിത്യ സവിശേഷതകൾ വിശദമാക്കുക.

30 (a) സാമൂഹിക നവോത്ഥാന ചരിത്രത്തിലെ ഒരു നാഴികക്കല്ലായി സരസ്വതീ വിജയത്തെ കരുതാനാകുമോ ? വിശദമാക്കുക.

**അല്ലെങ്കിൽ**

(b) 'സുന്ദരകല പാശ്ചാത്യവും പൗരസ്ത്യവും' എന്ന ലേഖനത്തിലെ ആശയങ്ങൾ സംഗ്രഹിക്കുക.

(5 × 10 = 50 marks)

CHMK LIBRARY UNIVERSITY OF CALICUT

C 2508 (Pages : 3) Name..................................

Reg. No..................................

# FOURTH SEMESTER P.G. DEGREE EXAMINATION, APRIL 2021

(CCSS)

M.A. Malayalam

## MAL 4C 13—SAHITYA SIDHANTAM (ADUNIKAM)

(2014 Admissions)

Time : Three Hours Maximum : 80 Marks

I. ഒറ്റ വാക്കിലോ ഒറ്റ വാക്യത്തിലോ ഉത്തരമെഴുതുക.

1 ദൈവീകമായ പ്രചോദനത്തിൽ നിന്നാണ് കവിതയുണ്ടാകുന്നതെന്നു പറഞ്ഞ ഗ്രീക്ക് ചിന്തകനാര് ?

2 അഡ്വഞ്ചേഴ്സ് ഓഫ് ഐഡിയാസ് ആരുടെ കൃതിയാണ് ?

3 പകൽ ഹോമറുടെ കൃതികൾ വായിക്കുക, രാത്രി അവയെ കുറിച്ച് ചിന്തിക്കുക എന്ന് കവികളെ ഉപദേശിച്ച റോമൻ ചിന്തകനാര് ?

4 Good Art, Great Art എന്നു കലകളെ വിഭജിച്ചതാര് ?

5 'An apology for poetry' ആരുടെ കൃതിയാണ് ?

6 ചിലർ മഹാകവികളായി ജനിക്കുന്നു. ചിലർ ചെറു കവികളായും എന്നു പറഞ്ഞതാര് ?

7 കവി ശബ്ദത്തെ കുറിക്കാൻ റോമാക്കാർ ഉപയോഗിച്ച പദം ഏതാണ് ?

8 പ്ലേറ്റോയുടെ ആദർശ രാഷ്ട്രത്തിന്റെ പേരെന്ത് ?

9 അരിസ്റ്റോട്ടിൽ സ്ഥാപിച്ച വിദ്യാലയം ഏതാണ് ?

10 ലോകത്തെ ആദ്യ കാവ്യ ശാസ്ത്രഗ്രന്ഥം എന്നു വിശേഷിപ്പിക്കപ്പെടുന്ന കൃതി ഏത് ?

11 Essay on criticism ആരുടെ കൃതിയാണ് ?

12 കാല്പനികതയുടെ പ്രകടനപത്രിക എന്നറിയപ്പെടുന്നതെന്താണ് ?

13 മനുഷ്യനോട് സംസാരിക്കുന്ന മനുഷ്യൻ എന്ന കവിയെ വിശേഷിപ്പിച്ചതാര് ?

14 ഭാവനയെ കോൾറിഡ്ജ് വിഭജിക്കുന്നതെങ്ങനെ ?

15 പുതു കവിതകളെ പ്രാചീന ശ്രേഷ്ഠ കവിതകളുമായി തട്ടിച്ചു നോക്കി മൂല്യനിർണ്ണയം നടത്തുന്നതിനെ മാത്യൂ ആർനോൾഡ് വിശേഷിപ്പിക്കുന്നതെങ്ങനെയാണ് ?

16 സൈലന്റ് സ്പ്രിങ് (Silent spring) എന്ന കൃതിയുടെ കർത്താവാര് ?

17 ഒബ്ജക്ടീവ് കോറിലേറ്റീവ് സിദ്ധാന്തം ആരുടേതാണ് ?

18 ദി പ്രാക്ടിക്കൽ ക്രിട്ടിസിസം (The practical criticsm) ആരുടെ കൃതിയാണ് ?

Turn over

CHMK LIBRARY UNIVERSITY OF CALICUT

19 'Style is man itself' എന്നു പ്രഖ്യാപിച്ച വിമർശകനാര് ?

20 'ദേവസ്പന്ദനം' ആരുടെ കൃതിയാണ് ?

(20 × ½ = 10 marks)

II. രണ്ടു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

21 (a) പാശ്ചാത്യ പൗരസ്ത്യ നാടക സങ്കല്പങ്ങളെ കുറിച്ച് വിവരിക്കുക.

**അല്ലെങ്കിൽ**

(b) റിയലിസത്തിന്റെ സവിശേഷതകൾ വിശദമാക്കുക.

22 (a) ഫ്യൂച്ചറിസത്തെക്കുറിച്ച് വിശദമാക്കുക.

**അല്ലെങ്കിൽ**

(b) ഡോ. ജോൺസന്റെ വിമർശന സങ്കല്പത്തെ കുറിച്ച് വിവരിക്കുക.

23 (a) കാവ്യഭാഷയെ കുറിച്ചുള്ള വേർഡ്സ്വർത്തിന്റെ അഭിപ്രായങ്ങൾ ക്രോഡീകരിക്കുക.

**അല്ലെങ്കിൽ**

(b) ഐ.എ. റിച്ചാർഡ്സിന്റെ സിനേസ്റ്റിസിസ് സിദ്ധാന്തത്തിന്റെ മനശാസ്ത്ര അടിത്തറയെ കുറിച്ച് വിവരിക്കുക.

24 (a) മാർക്സിയൻ നിരൂപണ പദ്ധതിയെ കുറിച്ച് വിവരിക്കുക.

**അല്ലെങ്കിൽ**

(b) ഫ്രോയിഡിന്റെ മനശാസ്ത്ര സിദ്ധാന്തങ്ങൾ സാഹിത്യ പഠനത്തിൽ ചെലുത്തിയ സ്വാധീനത്തെ കുറിച്ച് വിവരിക്കുക.

25 (a) അപനിർമ്മാണത്തെ കുറിച്ച് വിശദീകരിക്കുക.

**അല്ലെങ്കിൽ**

(b) പോസ്റ്റ് കൊളോണിയലിസത്തിന്റെ സവിശേഷതകൾ വിവരിക്കുക.

(5 × 4 = 20 marks)

III. നാലു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

26 (a) കോൾറിഡ്ജിന്റെ വിമർശന സിദ്ധാന്തം വിവരിക്കുക.

**അല്ലെങ്കിൽ**

(b) മോഡേണിസം, പോസ്റ്റ് മോഡേണിസം എന്നിവ സാഹിത്യത്തിൽ ചെലുത്തിയ സ്വാധീനത്തെക്കുറിച്ച് വിശദീകരിക്കുക.

27 (a) ഭാവനയെ സംബന്ധിച്ചുണ്ടായ വിഭിന്ന സിദ്ധാന്തങ്ങൾ ക്രോഡീകരിക്കുക.

**അല്ലെങ്കിൽ**

(b) പാശ്ചാത്യ വിമർശനത്തിലെ ആദ്യ ആധുനികനാണ് ലിയോടോൾസ്റ്റോയി. സമർത്ഥിക്കുക.

CHMK LIBRARY UNIVERSITY OF CALICUT

28 (a) വിമർശനത്തെയും വിമർശന ധർമ്മത്തെയും കുറിച്ചുള്ള ടി. എസ്. എലിയറ്റിന്റെ സിദ്ധാന്തങ്ങൾ വിശകലനം ചെയ്യുക.

**അല്ലെങ്കിൽ**

(b) ചിഹ്നശാസ്ത്രം സാഹിത്യ വിമർശനത്തിലും പഠനത്തിലും ചെലുത്തിയ സ്വാധീനത്തെക്കുറിച്ച് വിവരിക്കുക.

29 (a) നവവിമർശനം (New criticism) എന്ന സങ്കല്പത്തെ കുറിച്ച് വിവരിക്കുക.

**അല്ലെങ്കിൽ**

(b) അന്തർ വൈജ്ഞാനിക പഠനം സാഹിത്യ ചിന്തയിൽ ചെലുത്തിയ സ്വാധീനത്തെ കുറിച്ച് വിവരിക്കുക.

30 (a) സാഹിത്യ നിരൂപണത്തിന് ഴാക് ദറിദ നൽകിയ സംഭാവനകൾ വിശദമാക്കുക.

**അല്ലെങ്കിൽ**

(b) കാല്പനിക വിമർശനത്തിന്റെ സവിശേഷതകൾ വിവരിക്കുക.

(5 × 10 = 50 marks)

CHMK LIBRARY UNIVERSITY OF CALICUT